# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI  YEAR OF OUR LORD JESUS CHRIST, 2025 JUNE  No. 08


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 27:1 –6**

01. യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും?

02. എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കർമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോടു അടുക്കുമ്പോൾ ഇടറിവീഴും.

03. ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല; എനിക്കു യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും.

04. ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാൺമാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

05. അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറെക്കും; പാറമേൽ എന്നെ ഉയർത്തും.

06. ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെ മേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവെക്കു പാടി കീർത്തനം ചെയ്യും.

# നിങ്ങൾ നിങ്ങളുടെ കുട്ടികൾക്ക് ഒരു പാരമ്പര്യം ശേഷിപ്പിക്കുന്നുവോ?

## ARE YOU LEAVING A LEGACY TO YOUR CHILDREN

*സിസ്റ്റർ ഏഞ്ചൽ*



**വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ എല്ലാ കുടുംബാംഗങ്ങൾക്കും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസകൾ!

2025 ലെ ആറു മാസത്തോളം നമ്മൾ പൂർത്തിയാക്കി എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. വർഷം ആരംഭിച്ചിട്ടേയുള്ളു എന്നു തോന്നുന്നു എങ്കിലും നാം ഇതിനകം അതിന്റെ രണ്ടാം പകുതിയിലേക്കു പ്രവേശിക്കുകയാണ്. **യഹോവേ, ആണ്ടുകൾ കഴിയും മുമ്പെ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ** എന്ന ഹബക്കൂക്ക് 3-ാം അദ്ധ്യായത്തിന്റെ 2-ാം വാക്യം ഓർമ്മ വരുന്നു. വർഷത്തിന്റെ ഈ രണ്ടാം പകുതിയിൽ കർത്താവ് നിങ്ങളെയും, നിങ്ങളുടെ കുടുംബത്തെയും, നിങ്ങളുടെ ശുശ്രൂഷയെയും, നിങ്ങളുടെ ബിസിനസ്സിനെയും, തൊഴിലിനെയും, പഠനത്തെയും തന്റെ ദിവ്യമായ കാരുണ്യത്തോടും കരുണയോടുംകൂടി പുനരുജ്ജീവിപ്പിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ലൂക്കൊസ് 15-ാം അദ്ധ്യായം പ്രസിദ്ധമായ ഒരു തിരുവചന ഭാഗമാണ്. കഴിഞ്ഞ ലക്കത്തിൽ ഇടയൻ തൊണ്ണൂറ്റി ഒമ്പത് ആടുകളെ ഉപേക്ഷിച്ച് നഷ്ടപ്പെട്ടുപോയ ഒരു ആടിന്റെ ഉപമയെക്കുറിച്ച് ഞാൻ വിശദീകരിച്ചു. മുഴുവൻ അദ്ധ്യായത്തെയും 99:9:1 ൽ സംഗ്രഹിക്കാം. ശേഷിച്ച 99 ആടുകൾ, നഷ്ടപ്പെട്ട 9 നാണയങ്ങൾ, പിതാവിന്റെ സ്നേഹം മനസ്സിലാക്കാൻ കഴിയാതെ വീട് വിട്ടുപോയ 1 മകൻ എന്നിങ്ങനെ സംഗ്രഹിക്കാം.

*3-ാം പേജിൽ തുടരും...*




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

*** Please Subscribe and Share ***

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## *from your dearly beloved brother...*





**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


HON. EDITOR-IN-CHIEF

Rev. Angeline S. Kumari, M.A., M.Sc., M.Ed.

EX MANAGING EDITOR

Pastor Alex Samson Sam, B.Th., M.Div.

GENERAL MANAGER

Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.

ADMINISTRATION

Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

EDITORIAL BOARD

Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.



EDITOR, PUBLISHER & PRINTER

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858

E.MAIL

sam@echoofhiscall.org
biblecor@yahoo.co.in

WEBSITES

www.echoofhiscall.org
www.stpaulsmatriculation.org

YOUTUBE CHANNEL

Echo of His Call


> **നമ്മുടെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയുടെ നാമത്തിൽ ഇരിക്കുന്നു - സങ്കീർത്തനങ്ങൾ 124:8**

ക്രിസ്തുവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള നാമത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും എല്ലാ നന്മയും ഉണ്ടാകട്ടെ.

നല്ലവനും വിശ്വസ്തനുമായ ഒരു ദൈവത്തെ ഞങ്ങൾ സേവിക്കുന്നു. അവൻ ഞങ്ങളെ നയിക്കുന്ന വിധത്തെക്കുറിച്ച് ഞങ്ങൾ എപ്പോഴും നന്ദിയുള്ളവരാണ്. വെല്ലുവിളികളുടെയും പ്രയാസങ്ങളുടെയും സമയങ്ങളിൽ പോലും ഞങ്ങളോടൊപ്പം വിശ്വസ്തതയോടെ സഞ്ചരിക്കുന്ന ഞങ്ങളുടെ വിശ്വസ്തരായ സഹപ്രവർത്തകർക്കും പങ്കാളികൾക്കും ഞങ്ങൾ ഹൃദയംഗമായ നന്ദിയും സ്തുതിയും അർപ്പിക്കുന്നു. നിങ്ങളുടെ തുടർച്ചയായുള്ള പ്രാർത്ഥനകൾ ഞങ്ങൾക്ക് വളരെയധികം വിലയേറിയതാണ്.

ഏപ്രിൽ, മെയ് മാസങ്ങളിൽ വിവിധ സ്ഥലങ്ങളിലായി കുട്ടികൾക്കുവേണ്ടി നടത്തപ്പെട്ട വെക്കേഷൻ ബൈബിൾ സ്കൂളിൽ ചൊരിയപ്പെട്ട സമൃദ്ധമായ അനുഗ്രഹങ്ങൾക്കായി



***സന്തോഷപുരത്തെ വെക്കേഷൻ ബൈബിൾ സ്കൂൾ***

ഞങ്ങൾ നന്ദി പറയുന്നു. ഇത് വലിയ വിജയമാക്കിത്തീർക്കുവാൻ പ്രയത്നിച്ച എല്ലാ സഹപ്രവർത്തകരോടും ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാരോടും ഞങ്ങൾ ആത്മാർത്ഥമായി നന്ദിയുള്ളവരാണ്. നിങ്ങളുടെ പ്രാർത്ഥനകൾക്കും സഹായങ്ങൾക്കും ത്യാഗങ്ങൾക്കും കർത്താവ് സമൃദ്ധമായി പ്രതിഫലം നൽകുമാറാകട്ടെ. നിങ്ങൾക്കും കുടുംബത്തിനും വേണ്ടി ഞങ്ങൾ നിരന്തരമായി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



***നെഹെമ്യ ബൈബിൾ കോളേജുകളുടെ ഫാക്കൽറ്റി യോഗം***

2025-2026 അദ്ധ്യയനവർഷത്തേക്കുള്ള പ്രവർത്തന പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുവാനായി നെഹെമ്യ ബൈബിൾ കോളേജുകളുടെ ഫാക്കൽറ്റി മീറ്റിംഗ് പ്രാർത്ഥനയോടെ

ഏപ്രിൽ 21-ന് നടന്നു. ദൈവകൃപയാൽ രണ്ടു നെഹെമ്യ ബൈബിൾ കോളേജുകളിലും സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലും ക്ലാസ്സുകൾ ആരംഭിച്ചു. പ്രിൻസിപ്പൽമാർക്കും, അദ്ധ്യാപകർക്കും, അനദ്ധ്യാപക ജീവനക്കാർക്കും, അക്കാദമിക് ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കുംവേണ്ടി നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ക്രിസ്തുവിന്റെ ദൗത്യത്തിലെ സഹപ്രവർത്തകർ എന്ന നിലയിൽ ഞങ്ങളുടെ എല്ലാ ശ്രമങ്ങളിലും ദൈവത്തിന്റെ സമൃദ്ധമായ കൃപ ലഭിക്കുവാൻ നിങ്ങളുടെ നിരന്തര മാദ്ധ്യസ്ഥ്യം ഞങ്ങൾ തേടുന്നു.

ദൈവീക ശുശ്രൂഷയിൽ

*വിളിയുടെ പ്രതിധ്വനി സംഘം*

ഇമെയിൽ : sam@echoofhiscall.org


**URGENT NEED**

**Teachers (All Subjects) for**

**ST. PAUL'S MATRICULATION SCHOOL**

An *Echo of His Call* Institution
Vijayanagaram, Medavakkam, Chennai - 100.

We need well qualified, experienced, dedicated hard working and mission oriented Christians.
Apply with Bio-data to
E.mail: sam@echoofhiscall.org
Whats App : (+91) 98412 72858



## വളരെ അടിയന്തിരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പരമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org


1-ാം പേജിന്റെ തുടർച്ച...



### *പിതാവിന്റെ സ്നേഹം!*

ഇന്ത്യയിൽ ജൂൺ മാസത്തിലാണ് പിതൃദിനം (Fathers Day) ആഘോഷിക്കുന്നത് എന്നതിനാൽ, അതേ അദ്ധ്യായത്തിൽ നിന്നു തന്നെ പിതാവിന്റെ സ്നേഹത്തെക്കുറിച്ച് ചിന്തിക്കുവാൻ ഞാൻ പ്രേരിതയായി.

പിതാവില്ലാതെ വളർന്നവരെയോ, ജീവിതത്തിൽ നല്ല സ്വാധീനം ചെലുത്താൻ കഴിയാത്ത പിതാക്കന്മാരുള്ളവരെയോ, ഈ സന്ദേശം സ്പർശിച്ചേക്കില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ നിങ്ങളിൽ ആരെങ്കിലുമുണ്ടെങ്കിൽ അവരോട് ഞാൻ എന്റെ ആത്മാർത്ഥമായ ക്ഷമാപണവും ഹൃദയംഗമായ അനുകമ്പയും പ്രകടിപ്പിക്കുന്നു. ഒരു പിതാവിന്റെ പങ്ക് നിറവേറ്റാൻ വളരെയധികം ശ്രമിച്ച ഒറ്റപ്പെട്ട അമ്മമാരുടെ അവിശ്വസനീയമായ ശക്തിയെയും ത്യാഗത്തെയും ഞാൻ അംഗീകരിക്കുന്നു. ഇത് അസാധാരണമായ വിധത്തിൽ വെല്ലുവിളികൾ നിറഞ്ഞ കഥാപാത്രമാണ്. നിങ്ങൾ ആ വെല്ലുവിളികൾ നിറഞ്ഞ പാതയിലൂടെ സഞ്ചരിക്കുകയാണെങ്കിലും ഒരു സ്ത്രീ പിതാവിന്റെ സ്ഥാനത്തേക്ക് കാലെടുത്തു വയ്ക്കുകയാണെങ്കിലും നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു.

യോഹന്നാൻ സ്നാപകന്റെ അപ്പനായ സെഖര്യാവിനെപ്പോലെ, മക്കളുണ്ടാകുവാനായി കാത്തിരുന്നു പ്രാർത്ഥിക്കുന്നവരെ ഞാൻ ആദരിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് ഇതുവരെ സ്വന്തമായി കുട്ടികൾ ഇല്ലെങ്കിലും, വളർത്താനും, ഉപദേശിക്കാനും, പരിപാലിക്കുവാനും ദൈവം നിങ്ങൾക്കു ധാരാളം ആത്മീയ കുട്ടികളെ നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു, ധൈര്യത്തോടിരിപ്പിൻ.

ഒരിക്കൽ എനിക്ക് ഉണ്ടായ ശക്തമായ അനുഭവത്തിന്റെ ബലത്തിലാണ് ഞാൻ ഇത് നിങ്ങളോട് തുടക്കത്തിൽതന്നെ പങ്കുവയ്ക്കുന്നത്. പിതാവിന്റെ സ്നേഹത്തെക്കുറിച്ച് ഒരിക്കൽ ഞാൻ പ്രസംഗിച്ചതിനുശേഷം ആഴത്തിലുള്ള വേദനയോടും കോപത്തോടും ഒരു യുവതി എന്നെ സമീപിച്ചു. ഭൂമിയിലെ പിതാവുമായുള്ള വേദനാജനകമായ അനുഭവങ്ങൾ കാരണം ദൈവസ്നേഹത്തെ ഒരു പിതാവിന്റെ സ്നേഹത്തോടു ഉപമിച്ചപ്പോൾ അവൾക്ക് ഉൾക്കൊള്ളുവാനും ദൈവസ്നേഹം മനസ്സിലാക്കുവാനും കഴിഞ്ഞില്ല. എങ്ങനെയാണ് ദൈവസ്നേഹം ഭൂമിയിലെ



പിതാവിന്റെ സ്നേഹത്തിൽനിന്നും വ്യത്യസ്തമായിരിക്കുന്നതെന്നും, അവന്റെ സ്നേഹം എത്രമാത്രം പൂർണ്ണവും രോഗശാന്തി നൽകുന്നതും നിരുപാധികവുമാണെന്നും ഞാൻ അവളോടു സ്നേഹപൂർവ്വമായി വിശദീകരിച്ചപ്പോഴാണ് ദൈവസ്നേഹം യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നതെന്ന് അവൾ മനസ്സിലാക്കാൻ തുടങ്ങിയത്.

ഏതു സംസ്കാരത്തിലായാലും ഒരു പിതാവിന്റെ പങ്ക് അഗാധമായ പ്രാധാന്യം ഉള്ളതാണ്. കുടുംബത്തിനുവേണ്ടി കരുതുക, നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുക, കുട്ടികളെ വളർത്തുക എന്നീ ഉത്തരവാദി

ത്തങ്ങൾ കുടുംബനാഥനായി കണക്കാക്കപ്പെടുന്ന അദ്ദേഹത്തിനുണ്ട്.

ദൈവത്തെ ഒരു പിതാവായി വേദപുസ്തകം എങ്ങനെയായ് ആവർത്തിച്ച് ചിത്രീകരിക്കുന്നതെന്ന് നിരീക്ഷിക്കുന്നത് കൗതുകകരമാണ്. **സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ** (മത്തായി 6:9) എന്ന് നമുക്ക് ഇത്രത്തോളം അടുപ്പമുള്ള രീതിയിൽ ദൈവത്തെ അഭിസംബോധന ചെയ്യാൻ യേശു തന്നെ നമ്മെ പഠിപ്പിക്കുന്നു. തിരുവെഴുത്തിലെ കാഴ്ചപ്പാടിലൂടെ, പ്രത്യേകിച്ച് ലൂക്കൊസ് 15-ാം അദ്ധ്യായത്തിലൂടെ, ആത്മീയമായോ ജീവശാസ്ത്രപരമോ ആയ ഒരു "പിതാവ്" എന്നതിന്റെ യഥാർത്ഥ അർത്ഥമെന്താണെന്നു നമുക്ക് പരിശോധിക്കാം.

ഈ അദ്ധ്യായം നമുക്കെല്ലാം പരിചയമുള്ള ഒരു ഉപമ വിവരിക്കുന്നു. അതിന്റെ ഒരു ഹ്രസ്വമായ സംഗ്രഹം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ട് ആൺമക്കളുള്ള ഒരു ധനികനായ പിതാവിൽ നിന്ന് കഥ ആരംഭിക്കുന്നു. സ്വന്തം ആഗ്രഹങ്ങളാൽ നയിക്കപ്പെടുന്ന ഇളയ മകൻ അനന്തരാവകശത്തിലെ തന്റെ പങ്ക് ആവശ്യപ്പെടുകയും ലൗകീകസുഖങ്ങൾതേടി വീട് വിടുകയും ചെയ്യുന്നു. എല്ലാം നശിച്ച് നിരാലംബനായി പന്നികൾക്കു ആഹാരം നൽകുന്ന ജോലിയിലേക്കു ചുരുങ്ങി, പന്നിയുടെ ആഹാരം കഴിക്കാൻ കൊതിക്കുന്ന താഴ്ന്ന നിലയിൽ എത്തിയപ്പോൾ അവൻ തന്റെ പിതാവിന്റെ ഭവനത്തെ ഓർക്കുന്നു. ഒരു പുത്രനായിട്ടല്ല, വീട്ടിലെ ഒരു ജോലിക്കാരനായി മടങ്ങിവരുവാൻ അവൻ ആഗ്രഹിക്കുന്നു.



***ഇളയ പുത്രൻ പന്നികളെ മേയ്ക്കുന്നു***

അവൻ വീട്ടിലേക്ക് മടങ്ങിവന്നപ്പോൾ, ദൂരെ വച്ചു തന്നെ അവന്റെ പിതാവ് അവനെ കാണുകയും അവനെ ആലിംഗനം ചെയ്യാൻ ഓടിവരികയും മികച്ച വസ്ത്രങ്ങളും ആഭരണങ്ങളുംകൊണ്ട് അവനെ അലങ്കരിക്കയും അവന്റെ മടങ്ങിവരവ് ആഘോഷിക്കാൻ ഒരു വലിയ വിരുന്ന് സംഘടിപ്പിക്കുകയും ചെയ്യുന്നു.

അതേസമയം, വീട്ടിൽ തന്നെ ആയിരുന്നുകൊണ്ട് പിതാവിനെ വിശ്വസ്തതയോടെ സേവിച്ചിരുന്ന മൂത്തമകൻ അവഗണിക്കപ്പെട്ടു എന്ന തോന്നലിൽ നീരസപ്പെടുന്നു. പിതാവിന്റെ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കാൻ കഴിയാതെ അവൻ ആഘോഷത്തിൽ പങ്കുചേരാൻ വിസമ്മതിക്കുന്നു. വിരോധാഭാസമെന്നു പറയട്ടെ, അവൻ ശാരീരികമായി അടുത്തായിരുന്നു എങ്കിലും, വൈകാരികമായി അകന്നു നിന്നു. എന്നാൽ ഇളയ മകന് തന്റെ മോശപ്പെട്ട ജീവിതത്തിനിടയിലും, പിതാവിന്റെ സ്വഭാവത്തെക്കുറിച്ച് ഉള്ളിൽ ഒരു ധാരണയുണ്ടായിരുന്നു. അവനെ അപ്പൻ ശിക്ഷിക്കുകയില്ല, സ്വീകരിക്കുമെന്നും, അവന് മടങ്ങിവരാൻ സാധിക്കുമെന്നും അവന് ഉറപ്പായിരുന്നു.

### ***നമ്മുടെ പിതാവായ ദൈവം:***

## 1. സ്നേഹമുള്ള പിതാവ്!

ഈ ഉപമയിൽ ഇളയ മകനെ കേന്ദ്ര കഥാപാത്രമായി പരിഗണിക്കുമ്പോൾ, നമുക്ക് പിതാവിനെ ആ സ്ഥാനത്ത് പരിഗണിക്കാം. അവൻ നമ്മുടെ സ്വർഗ്ഗീയ പിതാവിനെ പ്രതിനിധീകരിക്കുന്നു. തന്റെ മക്കളെ സ്നേഹിക്കുന്ന ഒരു പിതാവ്! തന്റെ മക്കൾ ചെയ്യുന്നതിന്റെയോ, അവർ ആരാണെന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് അവൻ (ദൈവം) ആരാണെന്നതിന്റെ അടിസ്ഥാനത്തിലാണ് അവൻ സ്നേഹിക്കുന്നത്.

ദൈവത്തിന്റെ സ്നേഹം നിരന്തരവും, അചഞ്ചലവും നിരുപാധികവുമാണ്.

പുറപ്പാട് 4:22ൽ യിസ്രായേല്യരെ ദൈവത്തിന്റെ ആദ്യജാതൻ എന്ന് വിളിച്ചിരിക്കുന്നു. ആവർത്തിച്ചാവർത്തിച്ച് അവർ അവനിൽനിന്നും അകന്നുപോയെങ്കിലും ദൈവം ശക്തവും നീട്ടിയതുമായ ഭുജത്താൽ അവരെ രക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു. തന്റെ മക്കളോടുള്ള അവന്റെ സ്നേഹം ഒരിക്കലും മാറുന്നില്ല.

അതുപോലെ, മകന്റെ പരാജയങ്ങളിൽ പിതാവ് അവനെ ശാസിക്കുകയോ വിമർശിക്കുകയോ ചെയ്യുന്നില്ല. പകരം, അവൻ അവനെ തുറന്ന കൈകളോടെ സ്വാഗതം ചെയ്യുകയും സന്തോഷത്തോടെ അവന്റെ തിരിച്ചുവരവ് ആഘോഷിക്കുകയും ചെയ്യുന്നു. അവൻ ഭൂതകാലത്തെക്കുറിച്ച് ചിന്തിക്കുന്നില്ലെന്നു മാത്രമല്ല, പുനഃസമാഗമനത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു.

ഇതാണ് നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ അളവില്ലാത്തതും, മനസ്സലിവുള്ളതും, സൗജന്യമായി നൽകുന്നതുമായ സ്നേഹം. അവൻ നമ്മെ സ്വീകരിക്കുന്നത് നമ്മുടെ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല മറിച്ച് അവന്റെ കൃപയുടെയും കരുണയുടെയും സമൃദ്ധിയിൽ നിന്നാണ്.

വേദപുസ്തകം നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു: **പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റിവളർത്തുവിൻ** (എഫെസ്യർ 6:4).



***സ്നേഹമുള്ള പിതാവ്!***

കുട്ടികളോട് പരുഷമായി പെരുമാറുന്നതും ദയയില്ലാതെ സംസാരിക്കുന്നതും നല്ലതാണെന്നാണ് ചിലർ കരുതുന്നത്. എന്നാൽ, നമ്മുടെ കുട്ടികളെ ശിക്ഷിക്കുമ്പോൾപോലും നാം സൗമ്യരും ചിന്താശീലരും ആയിരിക്കണമെന്നും, അവരെ കോപിപ്പിക്കാതിരിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവീക ഹൃദയത്തെ പ്രതിഫലിക്കുന്ന പിതാക്കന്മാരാകാൻ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

നമ്മുടെ നല്ല പിതാവ് നമ്മുടെ മടങ്ങിവരവിനായി കാത്തിരിക്കുന്നു. നാം എത്രത്തോളം നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിൽനിന്നും

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജൂൺ 19** ⇨ **വിളിയുടെ പ്രതിധ്വനി** മാസിക കൃത്യമായി പ്രസിദ്ധീകരിക്കാൻ സഹായിക്കുന്ന സമർപ്പിതരായ അസ്സോസിയേറ്റ് എഡിറ്റർമാർക്കായി

**ജൂൺ 20** ⇨ 1969 ൽ മാസിക ശുശ്രൂഷ ആരംഭിച്ചതുമുതൽ നൽകുന്ന ദൈവീക അനുഗ്രഹങ്ങൾക്കായി.

**ജൂൺ 21** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയെ പിന്തുണക്കുന്ന എല്ലാവർക്കുമായും.

**ജൂൺ 22** ⇨ 2025 മെയ് 17ന് മഹാബലിപുരത്തുവച്ചു നടന്ന **നെഹെമ്യ ബൈബിൾ കോളേജ്** വിദ്യാർത്ഥികളുടെ ധ്യാനയോഗത്തെ ദൈവം അനുഗ്രഹിച്ചതിനായി.

**ജൂൺ 23** ⇨ ഞങ്ങളുടെ അഭ്യുദയകാംക്ഷികളുടെ പ്രാർത്ഥനയ്ക്കും സാമ്പത്തിക സഹായങ്ങൾക്കുമായി.

**ജൂൺ 24** ⇨ ഞങ്ങളുടെ **റെസിഡെൻഷ്യൽ, സായാഹ്ന നെഹെമ്യ ബൈബിൾ കോളേജുകളുടെയും സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെയും** 2024-25 അദ്ധ്യയന വർഷം വിജയകരമായി പൂർത്തിയാക്കിയതിനായി.

**ജൂൺ 25** ⇨ വർഷങ്ങളായി ഞങ്ങളുടെ ശുശ്രൂഷ ഫലം കായ്ക്കാൻ പ്രാപ്തരാക്കിയ ദൈവകൃപക്കായി.

**ജൂൺ 26** ⇨ ഞങ്ങളുടെ സീനിയർ പാസ്റ്ററിനും കുടുംബത്തിനും ദുഷ്ടശക്തികളിൽ നിന്നും നൽകുന്ന ദൈവീക സംരക്ഷണത്തിനായി.

**ജൂൺ 27** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും നെഹെമ്യ ബൈബിൾ കോളേജിലെയും** 2025-26 വർഷത്തേക്കുള്ള വിദ്യാർത്ഥികളുടെ അനുഗ്രഹപ്രദമായ പ്രവേശനത്തിനായി.

**ജൂൺ 28** ⇨ **ബൈബിൾകോർ (ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്) തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയുടെ വലിയ സ്വാധീനത്തിനായി.

**ജൂൺ 29** ⇨ ലോകം മുഴുവനുമുള്ള യുവാക്കൾക്കും കുട്ടികൾക്കും വേണ്ടി രാത്രി 10.00 മണിക്ക് നടത്തിക്കൊണ്ടിരിക്കുന്ന ആഗോള പ്രാർത്ഥനയിൽ ദൈവത്തിന്റെ കൈ വെളിപ്പെട്ടുകൊണ്ടിരിക്കുന്നതിനായി.

**ജൂൺ 30** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ ജീവനക്കാരെയും കുടുംബങ്ങളെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായി.

**ജൂലൈ 01** ⇨ വെക്കേഷൻ ബൈബിൾ സ്കൂളിൽനിന്നും നമ്മുടെ മുഖ്യസഭയിൽനിന്നും ശാഖാസഭകളിൽനിന്നുമുള്ള പരിപാടികളിലൂടെയുള്ള നല്ല ഫലങ്ങൾക്കായി.

**ജൂലൈ 02** ⇨ ഞങ്ങളുടെ **വിളിയുടെ പ്രതിധ്വനി** സഭയുടെ അച്ചീവേഴ്സ് അവാർഡ് ചടങ്ങ് വിജയകരമാക്കിയതിനായി.

**ജൂലൈ 03** ⇨ നെഹെമ്യ ബൈബിൾ കോളേജുകളുടെ വിദ്യാർത്ഥികളുടെമേൽ ദൈവീക സംരക്ഷണത്തിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജൂലൈ 04** ⇨ ലോകമെമ്പാടുമുള്ള മിഷണറിമാരുടെ ദൈവീക സംരക്ഷണത്തിനായി.

**ജൂലൈ 05** ⇨ എല്ലാ രാഷ്ട്രങ്ങളിലും സമാധാനം നിലനിൽക്കുവാനായി.

**ജൂലൈ 06** ⇨ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും സാമ്പത്തിക ഉന്നമനത്തിനായി.

**ജൂലൈ 07** ⇨ വിദൂര പ്രദേശങ്ങളിലെ എത്തിച്ചേരാത്ത ജനവിഭാഗങ്ങളിലേക്ക് എത്തിച്ചേരുന്ന മിഷണറിമാരുടെ സുരക്ഷക്കും ശക്തിക്കുമായി.

**ജൂലൈ 08** ⇨ ഈ മാസമുള്ള ഞങ്ങളുടെ എല്ലാ സാമ്പത്തിക ആവശ്യങ്ങൾക്കുമായി.

**ജൂലൈ 09** ⇨ എല്ലാ രാജ്യങ്ങളിലും ദൈവഭക്തരായ ഭരണകർത്താക്കൾ ഉണ്ടാകുവാനായി.

**ജൂലൈ 10** ⇨ നമ്മുടെ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും കുടുംബത്തിന്റെയും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി.

**ജൂലൈ 11** ⇨ 2025-26 അദ്ധ്യയന വർഷത്തിലേക്ക് **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലും നെഹെമ്യ ബൈബിൾ കോളേജുകളിലും** അർഹരായ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടുവാനായി.

**ജൂലൈ 12** ⇨ 2025 ജൂൺ 2 ന് ക്ലാസ് ആരംഭിക്കുന്ന **നെഹെമ്യ ബൈബിൾ കോളേജിൽ** പുതുതായി ചേർന്ന വിദ്യാർത്ഥികൾക്കുള്ള ദൈവീക മാർഗനിർദ്ദേശത്തിനായി.

**ജൂലൈ 13** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷകൾക്കായി സമർപ്പണമുള്ള കൂടുതൽ ജീവനക്കാർ ലഭിക്കുവാൻ.

**ജൂലൈ 14** ⇨ ലോകമെമ്പാടുമുള്ള എല്ലാ ആത്മീയ നേതാക്കൾക്കും ജ്ഞാനവും ശക്തിയും ലഭിക്കുവാൻ.

**ജൂലൈ 15** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജൂലൈ 16** ⇨ നമ്മുടെ എല്ലാ യോഗങ്ങളിലും സംഘടനാ പ്രവർത്തനങ്ങളിലുമുള്ള ദൈവീകാനുഗ്രഹത്തിനായി

**ജൂലൈ 17** ⇨ ഭീകരതയും അക്രമവും എല്ലാ രാജ്യങ്ങളും സംരക്ഷിക്കപ്പെടുവാൻ.

**ജൂലൈ 18** ⇨ ഞങ്ങളുടെ ഓഫീസിലെയും പ്രസ്സിലെയും ജീവനക്കാരുടെ പൂർണ്ണ ആരോഗ്യത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

അ കന്നുപോയാലും സ്നേഹത്തോടെയും തുറന്ന കൈകളോടെയും നമ്മെ തിരികെ സ്വീകരിക്കാൻ അവൻ തയ്യാറാണ്.

## വാഞ്ഛിക്കുന്ന പിതാവ്!

ലൂക്കൊസ് 15:20 ൽ നാം ഇങ്ങനെ വായിക്കുന്നു: **അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി. ദൂരത്തു നിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു.** തന്റെ മകൻ മടങ്ങിവരുമെന്നു പ്രതീക്ഷിച്ച് എല്ലാ ദിവസവും കാത്തിരുന്നതും ആഗ്രഹിച്ചതുമായ ഒരു പിതാവിന്റെ ഹൃദയത്തെയാണ് ഈ ഹൃദയസ്പർശിയായ നിമിഷം വെളിപ്പെടുത്തുന്നത്.

അതുപോലെ, നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മിൽ ഓരോരുത്തരുമായി പുനഃസ്ഥാപിക്കപ്പെട്ട ഒരു ബന്ധത്തിനായി ആഗ്രഹിക്കുന്നു. ആദാമിനെയും ഹവ്വയെയുംകുറിച്ചും അവൻ ആഗ്രഹിച്ചതും ഇതുതന്നെയാണ്-ആഴമേറിയതും അടുപ്പമുള്ളതുമായ ഒരു ബന്ധം-ഇന്നും അവൻ നമ്മിൽനിന്നും ആഗ്രഹിക്കുന്നതും ഇതു തന്നെയാണ്-വാഞ്ഛയും കാത്തിരിപ്പും.

എന്നിട്ടും കർത്താവ് നിങ്ങളോടു കരുണ കാണിക്കാൻ ആഗ്രഹിക്കുന്നു. ഉപമയിലെ പിതാവിനെപ്പോലെ തന്റെ കരുണയും കൃപയും അനുഗ്രഹവും ചൊരിയാൻ കാത്തിരിക്കുകയാണ്.

നാം അവന്റെ അടുക്കലേക്ക് മടങ്ങിയെത്തുമ്പോൾ അവൻ നമ്മെ ചോദ്യം ചെയ്യുകയോ ലജ്ജിപ്പിക്കുകയോ ചെയ്യുകയില്ല. പകരം, അവൻ നമ്മെ ആലിംഗനം ചെയ്യുകയും തന്റെ നന്മയാൽ നമ്മെ അനുഗ്രഹിക്കുകയും ചെയ്യും. നിങ്ങൾ ദൈവത്തിൽനിന്നു അകലെയാണെന്നും അവന്റെ സ്നേഹത്തിന് യോഗ്യരല്ലെന്നും തോന്നുന്നുണ്ടെങ്കിലും തിരികെ വരാൻ മടിക്കുന്നെങ്കിലും അവൻ നിങ്ങളെ കാത്തിരിക്കുകയാണ്, നിങ്ങൾ ഒരു പടി മാത്രം അകലെയാണെന്നും അറിയുക.

## ഒരു പാരമ്പര്യം അവശേഷിപ്പിക്കുന്നു!!



## *കുട്ടികൾ പിതാവിൽനിന്നു ധാരാളം കാര്യങ്ങൾ പഠിക്കുന്നു*

ഇത് നിർണ്ണായകവും പലപ്പോഴും അവഗണിക്കപ്പെടുകയും ചെയ്യുന്ന പിതൃത്വത്തിന്റെ ഒരു വശമാണ്. പിതാക്കന്മാർ അവരുടെ ജീനുകൾ കൈമാറുക മാത്രമല്ല, അവർ ജൈവശാസ്ത്രപരവും ആത്മീയവുമായ സവിശേഷതകൾ പകരുകയും ചെയ്യുന്നു. പല യുവാക്കൾക്കും ആദ്യത്തെ നായകൻ അവരുടെ പിതാവാണ്. അവൻ പിതാവിൽനിന്ന് ധാരാളം കാര്യങ്ങൾ പഠിക്കുന്നു. എങ്ങനെ ജീവിക്കണമെന്നതു മാത്രമല്ല, എങ്ങനെ ജീവിക്കരുതെന്നും അവൻ പഠിക്കുന്നു.

പക്ഷെ, ദുഃഖകരമെന്നു പറയട്ടെ, പലപ്പോഴും നെഗറ്റീവായിട്ടുള്ള സ്വഭാവവിശേഷങ്ങളാണ് കൂടുതലും കൈമാറ്റം ചെയ്യപ്പെടുന്നത്. എന്നിരുന്നാലും, പിതാക്കന്മാർ തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, നിലനിൽക്കുന്നതുമായ ഒരു പാരമ്പര്യം അവശേഷിപ്പിക്കുന്നു. കുട്ടികളുടെ ആത്മീയ ജീവിതം രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾ പ്രധാന പങ്ക് വഹിക്കുന്നു.

## പുറപ്പാട് 15:2 ൽ ഇങ്ങനെ വായിക്കുന്നു:

**എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ; അവൻ എനിക്കു രക്ഷയായിത്തീർന്നു. അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും; അവൻ എന്റെ പിതാവിൻ ദൈവം; ഞാൻ അവനെ പുകഴ്ത്തും.**

എന്റെ പിതാവിന്റെ ദൈവം എന്നുള്ള പ്രയോഗം ദൈവത്തിലുള്ള വിശ്വാസം, ഈ ലോകത്തിലെ പിതാവിൽ നിന്ന് പഠിച്ചെടുത്തതാണെന്നുള്ള ഉറപ്പാണ് പ്രതിഫലിപ്പിക്കുന്നത്.

## ആവർത്തനം 32:7 ഇങ്ങനെ പറയുന്നു:

**പൂർവ്വ ദിവസങ്ങളെ ഓർക്കുക; മുന്തലമുറകളുടെ സംവത്സരങ്ങളെ ചിന്തിക്ക; നിന്റെ പിതാവിനോടു ചോദിക്ക, അവൻ അറിയിച്ചുതരും; നിന്റെ വൃദ്ധന്മാരോടു ചോദിക്ക, അവർ പറഞ്ഞുതരും.**

## സങ്കീർത്തനം 44:1 കൂട്ടിച്ചേർക്കുന്നു:

**ദൈവമേ, പൂർവ്വകാലത്തു ഞങ്ങളുടെ പിതാക്കന്മാരുടെ നാളുകളിൽ നീ ചെയ്ത പ്രവൃത്തി അവർ ഞങ്ങളോടു വിവരിച്ചിരിക്കുന്നു; ഞങ്ങളുടെ ചെവികൊണ്ടു ഞങ്ങൾ കേട്ടുമിരിക്കുന്നു.**

## സങ്കീർത്തനം 78:3,4 പ്രഖ്യാപിക്കുന്നു:

**നാം അവയെ കേട്ടറിഞ്ഞിരിക്കുന്നു; നമ്മുടെ പിതാക്കന്മാർ ഞങ്ങളോടു പറഞ്ഞിരിക്കുന്നു. നാം അവരുടെ മക്കളോടു അവയെ**

9-ാം പേജിൽ തുടരും...


ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

# നെഹെമ്യ ബൈബിൾ കോളേജുകൾ

ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ദൈവശാസ്ത്രത്തിൽ ഡിപ്ലോമ**

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## MAIN CHURCH PROGRAMMES

1. Prayer Service : 24 hours
2. **ECHO OF HIS CALL** - Monthly Magazines :English, Tamil, Malayalam, Telugu, Hindi, Kannada, Marathi, Gujarati, Bengali, Odiya, Nepali, Assamese, Punjabi, Urdu, Sinhala & Afrikan.
3. **BIBLECOR -** Basic Bible Courses (English, Tamil & Hindi)
4. Theological Correspondence Courses: English & Tamil
5. Nehemiah Bible Colleges (Chepauk, Santhoshapuram & Velachery)
6. Great Commission Partners (Network of Pastors)
7. Training Programmes – Seminars & Retreats
8. Crusades
9. Literature Distribution and Follow Up
10. Gospel Printing Press - Publications
11. St. Paul's Matriculation School - Village English High School
12. Sunday Schools (Chepauk) : 10.30 a.m. Sunday & (Velachery, Balaji Nagar & Santhoshapuram) 3.00 p.m. Sunday
13. **Early Morning Service : 5.30 a.m. Sunday**
14. **Preliminary Service : 8.00 a.m. Sunday**
15. **Tamil Service : 8.30 a.m. Sunday**
16. **Youth Meeting : 11.00 a.m. Sunday**
17. **Fellowship Lunch : 1.00 p.m. Sunday**
18. **Hindi Service : 4.00 p.m. Sunday**
19. **Telugu Service : 5.00 p.m. Sunday**
20. **English & Hindi Service : 6.00 p.m. Sunday**
21. Feedback Time : 7.30 p.m. Sunday
22. Women's Prayer : 5.30 p.m. Wednesday
23. Men's Prayer : 7.00 p.m. Friday
24. Discipleship Meeting : 6.00 p.m. Saturday
25. House Meetings : 6.30 p.m. Tuesday & Thursday
26. Special Holy Communion : 6.00 a.m. 1st day of each month
27. Ministers' Meeting : 6.00 p.m. First Saturday
28. Parents' Prayer : 4.00 p.m. First Sunday
29. Night Prayer : 9.30 p.m. Third Friday
30. Fasting Prayer : 9:30 a.m. Second Saturday
31. Holy Communion : Second Sunday Services
32. Youth / Kid Prayer : 10.00 p.m. daily (over phone)
33. Staff Devotion : 9.00 a.m. daily
34. Office : 9.00 a.m. to 9.00 p.m. (except Sundays)

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല, നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

**യഹോവെക്കു സ്തോത്രം ചെയ്‌വിൻ – നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്നു – അവന്റെ ദയ എന്നേക്കുമുള്ളതു.** (സങ്കീർത്തനങ്ങൾ 136:1,23)

എന്റെ ശുശ്രൂഷാജീവിതത്തിന്റെ ആരംഭം മുതൽ തന്നെ ദൈവത്തെ മഹത്വപ്പെടുത്തുവാനും അവന്റെ രാജ്യത്തിന്റെ വിപുലീകരണത്തിനുമായി ഉടനടിയുള്ള പ്രതിഫലം ഒന്നും പ്രതീക്ഷിക്കാതെ ഏതറ്റം വരെ പോകുവാനും ഏതു വെല്ലുവിളിയും ഏറ്റെടുക്കുവാനുമുള്ള മനസ്സിനെ ദൈവം എനിക്കു നൽകി. 1976 മുതൽ 1986 വരെ ഓഫീസിൽ നിന്നും ഇടക്കിടയ്ക്ക് അവധിയെടുത്ത് സ്വന്തം പണം ചെലവഴിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്ത് സുവിശേഷം അറിയിക്കുന്ന സ്വഭാവം എനിക്ക് ഉണ്ടായിരുന്നു.

എന്റെ ആത്മീയ സുഹൃത്തുക്കളെ ഒന്നോ രണ്ടോ മാസത്തേക്കെങ്കിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോകുവാനും സുവിശേഷം എത്തിച്ചേരാത്ത ഗ്രാമങ്ങളിൽ പോയി യേശുക്രിസ്തുവിന്റെ സുവിശേഷത്തിലൂടെ ആയിരക്കണക്കിന് ആളുകളുടെ ജീവിതങ്ങളെ സ്പർശിക്കുവാനും കർത്താവ് എന്നെ സഹായിച്ചു. എനിക്കും എന്റെ സഹപ്രവർത്തകർക്കും ആവശ്യമായ ട്രെയിൻ ടിക്കറ്റുകൾ, ബസ് ടിക്കറ്റുകൾ, ഹോട്ടലിലെ താമസം ബുക്ക് ചെയ്യുക തുടങ്ങിയവക്കായും എന്റേതായുള്ള സാമ്പത്തിക ആവശ്യങ്ങൾക്കായും നിരവധി തവണ എനിക്കു ദൈവത്തിൽ ആശ്രയിക്കേണ്ടിവന്നു. ദൈവം അത്ഭുതകരമായി എന്നെ വഴിനടത്തി.

ഈ ശുശ്രൂഷയിലൂടെ ചെങ്കൽപട്ട്, വില്ലുപുരം, മധുര, ട്രിച്ചി, കന്യാകുമാരി എന്നീ ജില്ലകളിലെയും, കൊടൈക്കനാൽ, ഊട്ടി, തിരുവനന്തപുരം, പീരുമേട്, ഇടുക്കി, വണ്ടിപ്പെരിയാർ, വിജയവാഡ, ബാംഗ്ലൂർ, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലെ ഉൾപ്രദേശങ്ങളും സന്ദർശിക്കുവാൻ ദൈവം എനിക്ക് അവസരം നൽകി. ബസ്സുകളിലും ട്രെയിനുകളിലൂടെയുമുള്ള എന്റെ യാത്രയിൽ സംഗീതോപകരണങ്ങളും സുവിശേഷ ലഘുലേഖകളും ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ചുമന്നു കൊണ്ടുപോകുന്നത് വളരെ ശ്രമകരമായ ജോലിയായിരുന്നു. എന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ ശുശ്രൂഷയ്ക്കുവേണ്ടി ഒരു വാഹനം എന്നത് ചിന്തിക്കുവാൻപോലും പ്രയാസമായിരുന്നു. എന്നാൽ ദൈവം എന്റെ മനോഭാവം നിരീക്ഷിക്കുകയും സാക്ഷ്യങ്ങൾ ശ്രവിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. **ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല** (എബ്രായർ 6:10).

എന്റെ എല്ലാ സഹപ്രവർത്തകരെയും ദൈവം ധാരാളമായി അനുഗ്രഹിക്കുകയും അവരെ ഉയർന്ന തലങ്ങളിലേക്ക് ഉയർത്തുകയും ചെയ്തു എന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. അവരിൽ പലരും ഇന്നും ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ശക്തമായി വേല ചെയ്യുന്നു. കൂടാതെ, ഏറ്റവും പുതിയ ഉപകരണങ്ങൾ, കാറുകൾ, വാനുകൾ, ആത്മാർത്ഥതയുള്ള ജീവനക്കാർ, തുടങ്ങി എല്ലാവിധ സൗകര്യങ്ങളും നൽകി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. രക്ഷിക്കപ്പെടാത്ത ഇന്ത്യയിലെ ജനങ്ങളോട് സുവിശേഷം അറിയിക്കുവാൻ എന്നെ കൂടുതൽ പ്രാപ്തിയുള്ളവനുമാക്കിത്തീർത്തു. അതുപോലെ, ദൈവം എന്നെ ബഹുമാനിക്കുകയും ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്ക് എന്നെ കൊണ്ടുപോകുകയും നല്ല സുഹൃത്തുക്കളെ നൽകി അനുഗ്രഹിക്കുകയും ചെയ്തു.

അതേ ദൈവം ഇപ്പോഴും ജീവിക്കുന്നു. ഉടനടിയുള്ള പ്രതിഫലമോ, ഉയർന്ന സ്ഥാനമാനങ്ങളോ, മോശമായ ഉദ്ദേശ്യങ്ങളോ പ്രതീക്ഷിക്കാതെ ദൈവത്തെ സേവിക്കാനായി മുന്നോട്ടു കടന്നുവരുവാൻ കഴിയുന്ന മനസ്സുള്ള വ്യക്തികളെ അവൻ അന്വേഷിക്കുന്നു. **നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക; ഏറിയ നാൾ കഴിഞ്ഞിട്ടു നിനക്കു അതു കിട്ടും** (സഭാപ്രസംഗി 11:1). അവൻ ആരോടും കടപ്പെട്ടവനല്ല.

ദൈവരാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ നമുക്ക് ആഗ്രഹമുണ്ടെങ്കിൽ, **കാറ്റിനെ വിചാരിക്കുന്നവൻ വിതെക്കയില്ല, മേഘങ്ങളെ നോക്കുന്നവൻ കൊയ്കയുമില്ല** (സഭാപ്രസംഗി 11:4) എന്നതിനാൽ കാറ്റിനെയും മേഘങ്ങളെയും നിരീക്ഷിക്കാതെ ഉടൻ തന്നെ അതു ചെയ്യണമെന്നു വ്യക്തിപരമായി ഞാൻ മനസ്സിലാക്കി. ലോകവും ലൗകീക ജനങ്ങളും നിങ്ങളോടൊപ്പം നിൽക്കും.

ഇന്നത്തെ ലോകത്തിലെ ജനങ്ങൾ തങ്ങളുടെ ആരോഗ്യം, പണം, കഴിവുകൾ എന്നിവ ദൈവരാജ്യ പുരോഗതിക്കായി ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അവർ ഉടനടിയുള്ള ഉന്നതിയും തൽക്ഷണ പ്രതിഫലവും പ്രതീക്ഷിക്കുന്നു. പ്രിയ സുഹൃത്തേ, യേശുക്രിസ്തുവിന്റെ സുവിശേഷം നിമിത്തം ഞാൻ വളരെയധികം അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. അവന് നിങ്ങളെയും അനുഗ്രഹിക്കുവാൻ കഴിയും. യേശുക്രിസ്തുവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ ഇപ്പോൾ നിങ്ങൾക്കു മുന്നോട്ടു വരാമോ? നിങ്ങളുടെ കുരിശ് എടുത്ത് അവനെ അനുഗമിക്കാൻ നിങ്ങൾക്കു കഴിയുമോ?? **ദൈവം തന്റെ മഹത്വമുള്ള സുവിശേഷം, ഏതുവിധേനയും, എന്തു വില നൽകിയും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അറിയിക്കുവാൻ താൽപ്പര്യമുള്ള വ്യക്തികളെ തിരയുന്നു** (1കൊരിന്ത്യർ 9:22).

**ഈ വാക്കുകൾ വായിക്കുന്ന നിങ്ങൾക്കായി ദൈവത്തിന് ഒരു പ്രത്യേക പദ്ധതിയുണ്ടെന്നു അറിയുക! ലൗകിക സമ്പത്ത്, ആരോഗ്യം, ബന്ധങ്ങൾ, എന്നിവ നിങ്ങളെ ഒരിക്കൽ വഞ്ചിക്കും!! പക്ഷെ, *യേശുക്രിസ്തു നിങ്ങളെ ഒരുനാളും കൈവിടുകയില്ല!!!*** (യോഹന്നാൻ 14:18). **ഇന്നു തന്നെ ഒരു തീരുമാനം എടുക്കുക. ഒരു വലിയ പ്രതിഫലം നിങ്ങളെ കാത്തിരിക്കുന്നു!**

************

*6-ാം പേജിന്റെ തുടർച്ച...*

**മറെച്ചുവെക്കാതെ വരുവാനുള്ള തലമുറയോടു യഹോവയുടെ സ്തുതിയും ബലവും അവൻ ചെയ്ത അത്ഭുതപ്രവൃത്തികളും വിവരിച്ചു പറയും.**

കുട്ടികൾ അവരുടെ പിതാക്കന്മാരിൽനിന്നു പഠിക്കുന്നു എന്നും അടുത്ത തലമുറയ്ക്ക് ആത്മീയ ജ്ഞാനവും ദൈവീക മൂല്യങ്ങളും കൈമാറേണ്ടത് ഓരോ പിതാവിന്റെയും ഉത്തരവാദിത്തമാണെന്നും ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു.

നിർഭാഗ്യവശാൽ, പഴയ തലമുറയിൽനിന്നും കൈമാറ്റം ചെയ്യപ്പെട്ട മാതൃകയിൽ വേരൂന്നിയതാണ് നമ്മുടെ കുട്ടികളുടെ ജീവിതത്തിലെ പല പാപങ്ങളും. എന്നാൽ ദൈവത്തിന്റെ ആഗ്രഹം നാം അനുഗ്രഹത്തിന്റെ ആത്മീയ പാരമ്പര്യം നാം അവശേഷിപ്പിക്കണമെന്നാണ്, അല്ലാതെ ശാപത്തിന്റെ പാരമ്പര്യമല്ല.

വേദപുസ്തകം ഇതിന് അനേകം ഉദാഹരണങ്ങൾ നൽകുന്നുണ്ട്. പ്രത്യേകിച്ച് യിസ്രായേലിന്റെയും യഹൂദ്യയിലെയും രാജാക്കന്മാരുടെ പുത്രന്മാർ അവരുടെ പിതാക്കന്മാരുടെ ദൈവീകമല്ലാത്ത പാത പിന്തുടർന്ന് അർത്ഥമില്ലാത്ത ജീവിതം നയിച്ചതായി കാണാൻ സാധിക്കും. 2 രാജാക്കന്മാർ 21:21 ൽ മനശ്ശെയുടെ പുത്രനായ ആമോനെക്കുറിച്ച് വിവരിക്കുന്നു:

**തന്റെ അപ്പൻ നടന്ന വഴിയിലൊക്കെയും നടന്നു; തന്റെ അപ്പൻ സേവിച്ച വിഗ്രഹങ്ങളെയും സേവിച്ചു നമസ്കരിച്ചു.**

എന്തൊരു ദുരന്തമാണത്!

യഹോവയെ വളരെയധികം സ്നേഹിച്ച മഹാനായ ഹിസ്കിയാവ് രാജാവിന്റെ മകനായിരുന്നു മനശ്ശെ. എന്നിട്ടും മനശ്ശെക്ക് എന്താണ് സംഭവിച്ചത്? എന്തുകൊണ്ടാണ് അവൻ അതേ ദൈവഭക്തിയോടെ വളർത്തപ്പെടാത്തത്? ഇത് പിതാക്കന്മാരുടെ മുമ്പിൽ വലിയ ചോദ്യം ഉയർത്തുന്നു. നിങ്ങൾ എന്തു പൈതൃകമാണ് അവശേഷിപ്പിക്കുന്നത്?

1 രാജാക്കന്മാർ 11:4 ൽ നാം ഇങ്ങനെ വായിക്കുന്നു: **ശലോമോൻ വയോധികനായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് വശീകരിച്ചു; അവന്റെ ഹൃദയം അവന്റെ അപ്പനായ ദാവീദിന്റെ ഹൃദയം**



***ശലോമോന്റെ ഭാര്യമാർ അവനെ അന്യദേവന്മാരിലേക്ക് വഴിതെറ്റിച്ചു***

**പോലെ തന്റെ ദൈവമായ യഹോവയിങ്കൽ ഏകാഗ്രമായിരുന്നില്ല.** തിരുവചനത്തിലുടനീളം ദൈവീകമായ ഒരു പൈതൃകം ശേഷിപ്പിക്കുന്നതിൽ പരാജയപ്പെട്ട നിരവധി പിതാക്കന്മാരെ നാം കാണുന്നു. ഇതിനു വിപരീതമായി ആസാ, യഹോശാഫാത്ത്, യോശിയാവ് തുടങ്ങിയ രാജാക്കന്മാർ അവരുടെ പിതാക്കന്മാരുടെ പാരമ്പര്യം പിന്തുടർന്ന് വിശ്വാസത്തിൽ നിലനിൽക്കുന്ന പാരമ്പര്യം സ്ഥാപിച്ചു. അവരുടെ അനുസരണം അവരുടെ സ്വന്തം കുടുംബങ്ങൾക്ക് മാത്രമല്ല അയൽ ജനതകൾക്കുകൂടി സമാധാനം നൽകി എന്ന് 2 ദിനവൃത്താന്തം17:10 പ്രഖ്യാപിക്കുന്നു. യഹൂദയ്ക്കു ചുറ്റുമുള്ള രാജ്യങ്ങൾ യഹോവയെ ഭയപ്പെട്ടതിനാൽ യഹോശാഫാത്തിനെതിരെ യുദ്ധം ചെയ്‌വാൻ മുതിർന്നില്ല. നമ്മുടെ കുട്ടികൾക്കും വരാനിരിക്കുന്ന തലമുറകൾക്കുംവേണ്ടി നാം ഏതു തരത്തിലുള്ള പൈതൃകമാണ് അവശേഷിപ്പിക്കുക എന്നു ചിന്തിപ്പിൻ.



***കർത്താവിന്റെ ഭയം എല്ലാ രാജ്യങ്ങളുടെയുംമേൽ പതിച്ചു***

ദൈവദാസന്മാർപോലും ഈ അപകടത്തിൽനിന്നും മുക്തരല്ല. കർത്താവിന്റെ വലിയ ദാസന്മാരായ മോശെ, ഏലി, ശമൂവേൽ, ദാവീദ് എന്നിവർ പിതാക്കന്മാർ എന്ന നിലയിൽ തങ്ങളുടെ കഥാപാത്രങ്ങളിൽ പോരാടി.മോശെ യോശുവയോടും ഏലിയാവ് എലീശയോടോ ചെയ്തതുപോലെ, ആത്മീയ പൈതൃകങ്ങൾ കെട്ടിപ്പടുക്കുന്നതിൽ നമുക്ക് തീഷ്ണതയുള്ളവരായിരിക്കാം. നമ്മുടെ സ്വന്തം മക്കളെ കർത്താവിനെക്കുറിച്ചുള്ള ഭയത്തിലും അറിവിലും വളർത്താൻ നാം പ്രതിജ്ഞാബദ്ധരാണോ?

ധൂർത്തപുത്രന്റെ കഥ പരിഗണിച്ചുനോക്കുവിൻ. അവന് മത്സര സ്വഭാവവും ധൂർത്തും ഉണ്ടായിരുന്നിട്ടും പിതാവിന്റെ സ്നേഹം കുറയുകയോ ഇളകിപ്പോകുകയോ ചെയ്തില്ല. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഈ ചിത്രം നമ്മെ ഓർമ്മിപ്പിക്കുന്നത്, നിലനിൽക്കുന്ന വിശ്വാസം നിറഞ്ഞ ഒരു അവകാശം അവശേഷിപ്പിച്ചു കൊണ്ട് സ്നേഹവും ക്ഷമയുമുള്ള മാതാപിതാക്കളാകാൻ ദൈവം നമ്മെ വിളിക്കുന്നു എന്നതാണ്. നമ്മുടെ കുട്ടികൾക്കും അവരുടെ സന്തതിപരമ്പരകൾക്കും കർത്താവിന്റെ വഴിയിൽ നടക്കാൻ കഴിയേണ്ടതിന്, അവന്റെ കൃപയും ഭക്തിയും മാതൃകയാക്കി ജീവിക്കുവാനും നമ്മുടെ മക്കളെ അങ്ങനെ വളർത്താനും കർത്താവ് നമ്മെ ശക്തരാക്കട്ടെ.

************

**URGENT NEED for CHRISTIAN OFFICE**

**1. COMPUTER OPERATORS**

**2. PRINTING PRESS OPERATORS**

**Contact : (+91) 98412 71858, E.mail : sam@echoofhiscall.org**

**NOTICE**

Please store the Mobile Phone numbers (+91) 98410 71858, (+91) 98412 71858 of Pastor S. Sam Selva Raj on your mobile phones.
- Editor

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
**Please subscribe**

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.

- Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org


**YOU CAN SEND YOUR DONATION ONLINE ALSO**


Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"
on 4th JUNE 2025.
If un-delivered please return to:
**ECHO OF HIS CALL (MALAYALAM)**
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766


*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**